ഇ മെയിൽ: karsha@mm.co.in



മത്സ്യം

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി.
ഇ മെയിൽ: kvkernakulam@yahoo.co.in

# വനാമിയെ ടാങ്കിൽ വളർത്താം

*? വനാമിച്ചെമ്മീൻ ടാങ്കുകളിൽ വളർത്താൻ കഴിയുന്ന ഇനമാണോ. ശുദ്ധജലത്തിൽ വളരുമോ. അതോ കൃത്രിമ ഉപ്പുവെള്ളം ഉണ്ടാക്കേണ്ടി വരുമോ. എങ്ങനെയുള്ള ടാങ്കുകളാണ് യോജ്യം. ഈ ടാങ്കുകളിൽ എന്തെല്ലാം ഒരുക്കണം. ഉപ്പുവെള്ളം എങ്ങനെ തയാറാക്കാം. എത്ര കുഞ്ഞുങ്ങളെ ഇടാം. കൃഷിരീതി എങ്ങനെ. ഇതു ലാഭകരമാണോ.*

**ദിലീപ്, കോലഞ്ചേരി,** എറണാകുളം



● വനാമി കൃത്രിമ ടാങ്കുകളിൽ വളർത്താവുന്ന ഇനമാണ്. ശുദ്ധജലത്തിൽ വളരില്ല. അതിനാൽ ലവണങ്ങൾ ഉപയോഗിച്ച് വെള്ളത്തിന് ഉപ്പുരസം ഉണ്ടാക്കിയെടുക്കണം. എന്നാൽ ടാങ്കുകളിൽ വനാമിക്കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തി ലാഭകരമാക്കുന്നത് ശ്രമകരമാണ്. ടാങ്കുകളിൽ മത്സ്യക്കൃഷി ചെയ്യാൻ ഏറെ സാങ്കേതികപരിജ്ഞാനവും പരിചയവും ഇടതടവില്ലാത്ത ശ്രദ്ധയും ആവശ്യമാണ്. മുഴുവൻ സമയവും കൃഷിയിൽ ശ്രദ്ധിക്കുന്നവർക്കേ ഇതു കഴിയുകയുള്ളൂ. ജലത്തിന്റെ ആവശ്യാനുസരണമുള്ള ലഭ്യത, അഴുക്കുകൾ ഒഴുക്കിക്കളയുന്നതിനു സൗകര്യം, മുഴുവൻസമയ വൈദ്യുതി, ഗുണമേന്മയുള്ള തീറ്റ എന്നിവയും ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇരുമ്പുകൊണ്ടുള്ള പുറംചട്ടയിൽ പി വി സി ഷീറ്റുകൾ വിരിച്ച് ഉണ്ടാക്കിയ വൃത്താകൃതിയിലുള്ള ടാങ്കുകളാണ് യോജ്യം. ദിവസം മുഴുവനും വായുപ്രവാഹം നൽകുന്ന പമ്പുകൾ സ്ഥാപിക്കണം. വൈദ്യുതി ഇല്ലാത്തപ്പോൾ ഇത് പ്രവർത്തിപ്പിക്കുന്നതിന് ഇൻവെർട്ടർ സംവിധാനവും വേണം.

തറനിരപ്പിൽനിന്ന് ഒരു അടി ഉയരത്തിൽ വേണം ടാങ്കുകൾ സ്ഥാപിക്കാൻ. ടാങ്കുകളുടെ മധ്യഭാഗത്ത് അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി അവിടെനിന്നു പുറത്തേക്ക് ഒഴുക്കുന്ന പൈപ്പ് സംവിധാനവും ഇതിൽനിന്ന് അഴുക്കുജലം മുകളിലുള്ള മറ്റൊരു ടാങ്കിൽ സംഭരിച്ചശേഷം നിറയുന്ന മുറയ്ക്ക് തെളിഞ്ഞ ജലം പ്രധാന ടാങ്കിലേക്കുതന്നെ പോകുന്ന സംവിധാനവും ഒരുക്കണം. കൂടുതൽ വെയിൽ അടിച്ചാൽ ചൂട് കൂടുന്നതോടൊപ്പം ക്രമാതീതമായി പ്ലവകങ്ങൾ വളരുന്നതും മഴവെള്ളം നേരിട്ട് പതിച്ചാൽ ടാങ്കിലെ ജലത്തിന്റെ പി എച്ചിൽ വ്യതിയാനങ്ങളുണ്ടാവുന്നതും ഒഴിവാക്കാനും മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും ടാങ്കുകളുടെ മുകളിൽ അൾട്രാ വയലറ്റ് സംരക്ഷണമുള്ള ഷീറ്റും 80 ശതമാനം മാത്രം വെളിച്ചം കടത്തിവിടുന്ന പച്ച ഷെയ്ഡ്നെറ്റുകളും ഉപയോഗിക്കണം.

കിണറ്റിൽനിന്നുള്ള ശുദ്ധജലത്തിൽ ആവശ്യത്തിന് ലവണങ്ങൾ ചേർത്താണ് വനാമിക്കു വളരാൻ പറ്റിയ ലവണജലം തയാറാക്കേണ്ടത്. അണുനശീകരണം നടത്തിയ ജലത്തിന്റെ ലവണാംശം 10 പിപിറ്റി ആക്കുന്നതിനായി സോഡിയം ക്ലോറൈഡ്, മഗ്നീഷ്യം ക്ലോറൈഡ്, കാത്സ്യം കാർബണേറ്റ്, സോഡിയം ബൈ കാർബണേറ്റ് തുടങ്ങിയ ലവണങ്ങൾ ചേർക്കണം.

ഗുണമേന്മ ഉറപ്പുവരുത്തിയ പോസ്റ്റ്പി ലാർവ (പി.എൽ.) 10 വനാമി ചെമ്മീൻ കുഞ്ഞുങ്ങൾ 1000 ലീറ്ററിൽ 300 എണ്ണം എന്ന തോതിൽ ഇടാം. ആദ്യ ദിവസം മുതൽ എട്ടാം ദിവസം വരെ ആർട്ടീമിയ 0.17 ഗ്രാം, സ്റ്റാർട്ടർ-1 തീറ്റ 1000 കുഞ്ഞുങ്ങൾക്ക് 10 ഗ്രാം എന്ന തോതിലും ദിവസേന 4നേരം എന്ന ക്രമത്തിലും നൽകണം. ദിവസേന അമോണിയ, പി എച്ച് നിലകൾ പരിശോധിച്ച് അമോണിയ ലീറ്ററിന് 0. 25 മില്ലി ഗ്രാമിൽ കൂടാതെയും പി എച്ച് 8 ആയും പരിപാലിക്കണം. എഴുപതാം ദിവസം മുതൽ വിളവെടുക്കാം.